വാഗമൺ ടൂറിസം പദ്ധതി

*19 [199] ശ്രീ. സാജു പോൾ:
„ കെ. കെ. ജയചന്ദ്രൻ:
„ രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ടൂറിസം പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിക്ക് വാഗമൺ, കോലാഹലമേട് പ്രദേശത്തെ എത്ര ഏക്കർ ഭൂമി നൽകാനുദ്ദേശിക്കുന്നുണ്ട്; ഏതെല്ലാം വകുപ്പുകളുടെ കൈവശമുള്ള എത്ര ഏക്കർ ഭൂമിയാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ടോ;

(ഡി) വിദ്യുച്ഛക്തി ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടുകൾ വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്. നിർദ്ദിഷ്ട വാഗമൺ പദ്ധതിക്കുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായിട്ടുള്ള PKFവേൾഡ് വൈഡ് എന്ന ഏജൻസിയും, അമേരിക്കൻ കമ്പനിയായ 'എഡ്സാ' ഗ്രൂപ്പും സംയുക്തമായിട്ടാണ് ഈ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. 741.846 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കായി സർക്കാർ മാറ്റിവച്ചിട്ടുള്ളതെങ്കിലും 611.6651 ഹെക്ടർ സ്ഥലമാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ പ്രസ്തുത സ്ഥലത്തായിരിക്കും വികസന പ്രവർത്തനങ്ങൾ നടത്തുക. ഇതിനായി ലഭിച്ച മാസ്റ്റർ പ്ലാൻ വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയായിരിക്കും നടപ്പാക്കുക.

(ബി) കോലാഹലമേടും വാഗമണും ഉൾപ്പെടെ 611.6651 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കായി ടൂറിസം വകുപ്പ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത്. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ കൈവശമുള്ള ഭൂമിയും റവന്യൂ വകുപ്പിന്റെ പുറമ്പോക്കു ഭൂമിയുമാണ് മേൽപ്പറഞ്ഞതിൽ ഉൾപ്പെടുന്നത്.

(സി) ഇല്ല.

(ഡി) പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വകുപ്പുകളുമായി ഇപ്പോൾ ആലോചന നടത്തിയിട്ടില്ല.

(ഇ) പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മാസ്റ്റർ പ്ലാൻ അവലോകനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly